സംസ്ഥാന യുവജനക്ഷേമബോർഡിന് നൽകിയ ഫണ്ട്

214 (4800) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാർഷികവികസനവും കൃഷിയും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ യുവജനക്ഷേമ ബോർഡിന് നൽകിയ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ട് ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) യുവജനബോർഡ് ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) യുവജനക്ഷേമ ബോർഡംഗങ്ങൾ നടത്തിയ വിദേശയാത്രയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ)

സാമ്പത്തിക വർഷം	പദ്ധതിയിനത്തിൽ അനുവദിച്ച തുക	പദ്ധതിയേതര ഇനത്തിൽ അനുവദിച്ച തുക
2011-12	825 ലക്ഷം	17,16,000 (17.16 ലക്ഷം)
2012-13	1500 "	18,87,000 (18.87 ലക്ഷം)
2013-14	1283 "	20,75,000 (20.75 ലക്ഷം)
2014-15	1300 "	24,07,000 (24.07 ലക്ഷം)

(ബി) 2011-12 മുതൽ 2014-15 സാമ്പത്തിക വർഷംവരെ ബോർഡ് ഫണ്ട് ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരളോത്സവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷര യുവത്വം, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശില്പശാല, ഡി.റ്റി.പി. പി.എസ്.സി. ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർ ബാഗ് നിർമ്മാണം, മഴക്കാല ബോധവത്കരണം, നാടിക, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻകലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവത്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ്ക്യാമ്പ്, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശില്പശാല, സിവിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സുകർമ്മ, സ്പോർട്സ് കിറ്റ്, ജീവരായിനി തുടങ്ങിയ പദ്ധതികൾ ബോർഡ് നടപ്പിലാക്കിവരുന്നു.

(ഡി) 2014 വർഷത്തിൽ യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ, മെമ്പർ സെക്രട്ടറി, എന്നിവരും 19 ഗോത്ര വർഗ്ഗക്കാരും ഭാരത് ദർശൻ യാത്രയുടെ ഭാഗമായി കൽക്കട്ട സന്ദർശിച്ചശേഷം നേപ്പാളിലെ കാഠ്മണ്ഡു സന്ദർശിക്കുകയുണ്ടായി. ഈ പ്രോഗ്രാമിന് ആകെ 14,75,723 രൂപ ചെലവഴിച്ചിട്ടുണ്ട്. കാഠ്മണ്ഡു സന്ദർശനത്തിന് മാത്രമായുള്ള ചെലവ് കണക്കാക്കിയിട്ടില്ല.

യുവഹരിതം പദ്ധതി

215 (4801) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവഹരിതം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവഹരിതം എന്ന പദ്ധതി രൂപീകരിച്ചിട്ടില്ല.

(ബി & സി) ബാധകമല്ല.

ഗ്രോബാഗ് വിതരണം

216 (4802) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly